# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2410

01/04/2013-ൽ മറുപടിയ്ക്ക്

## നല്ലനാട്, നല്ലവെള്ളം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എ.റ്റി. ജോർജ്ജ് | | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) നല്ലനാട്, നല്ലവെള്ളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) | കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ്- വിവിധങ്ങളായ പ്രചരണകർമ്മ പരിപാടികളിലൂടെ മാലിന്യവിമുക്തവും, ജലസംരക്ഷിതവുമായ ഒരു കേരളം രൂപപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| ബി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | ബി) | ജലവിഭവവകുപ്പ് ജലശ്രീ - സി.സി.ഡി.യുവും തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, ജനകീയ സംഘടനകൾ, വിവിധ ജനവിഭാഗങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | സി) | കേരളത്തിലെ എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി പഞ്ചായത്തുകൾ, വിദ്യാലയങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിലൂടെ പ്രസ്തുത പദ്ധതി നടപ്പാക്കുന്നു. |
| ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ? | ഡി) | നല്ലനാട് നല്ലവെള്ളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു.<br>1) ഒരു ലക്ഷം നാട്ടുകൂട്ടായ്മകൾ.<br>2) ഒരു ലക്ഷത്തി അറുപതിനായിരം കുടുംബ കൂട്ടങ്ങൾ.<br>3) ഇരുപത്തി അയ്യായിരം വാട്ടർ & സാനിറ്റേഷൻ ഇൻഫർമേഷൻ സെന്ററുകൾ (WATSANIC) |

4) ആയിരത്തി അഞ്ഞൂറ്റി ഇരുപത് വാട്സാനിക് അംബാസിഡർമാർ.
5) ഇരുപത്തിയഞ്ച് ലക്ഷം പേർക്ക് പരിശീലനം.
6) സംസ്ഥാനത്തെ എല്ലാ ഭവനങ്ങളിലും സന്ദർശനം
7) എല്ലാപ്രൈമറി ഹെൽത്ത് സെന്ററുകളിലും ജലഗുണനിലവാര പരിശോധനാ സംവിധാനം.
8) ഗ്രാമതലത്തിൽ ജലഗുണനിലവാര പരിശീലനം ലഭിച്ചവരുടെ സേവനം.
9) ശുചിത്വ മേഖലയിൽ നൂറ് അക്രഡിറ്റഡ്, സർവ്വീസ് പ്രൊവൈഡേഴ്സിന്റെ സേവനം.
10) ജലസംഭരണ, സംരക്ഷണ, നിർമ്മാണ മേഖലകളിൽ വൈദഗ്ധ്യമുള്ളവരുടെ ലഭ്യത

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിക്കുന്ന ജലസംരക്ഷിത മാലിന്യവിമുക്ത സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന വാട്സാനിക് എക്സ്പ്രസ്.

സെക്ഷൻ ഓഫീസർ